ജലവിഭവ വകുപ്പ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

168 (857) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പുവഴി കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര തുകയാണ് ഇതിനായി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭൂജലവകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ 8 ഇഞ്ച് വ്യാസമുള്ള കുഴൽക്കിണർ നിർമ്മിച്ചു ചെലവായ തുക - 5,79,000 രൂപ.
2. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 8 ഇഞ്ച് വ്യാസമുള്ള കുഴൽക്കിണർ നിർമ്മിച്ചു ചെലവായ തുക - 5,33,505 രൂപ.

ജലനിധി :

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബാച്ച് 1-ൽ കുലശേഖരപുരം പഞ്ചായത്തിൽ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ പഞ്ചായത്തിന്റെ താല്പര്യക്കുറവുമൂലം പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly